**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1723** — **04-02-2026 - ൽ മറുപടിയ്ക്ക്**

**കോട്ടയം ജില്ലാ ലേല കേന്ദ്രം (സംഘമൈത്രി) വഴി കർഷകർക്ക് അടിസ്ഥാനവില നിർണയം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** |
| (എ) | കോട്ടയം ജില്ലയിലെ കുറുപ്പന്തറയിൽ പ്രവർത്തിക്കുന്ന ജില്ലാ ലേല കേന്ദ്രത്തിൽ (സംഘമൈത്രി) കർഷകർക്ക് അടിസ്ഥാന വിലയേക്കാൾ താഴ്ന്ന വില ലഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് കാരണമായ ഘടകങ്ങൾ, കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കാമോ; | (എ) | വിപണിയിൽ ഉത്പ്പന്നങ്ങളുടെ അതിബാഹുല്യം മൂലം സീസണുകളിൽ നേന്ത്രക്കായയുടേയും കിഴങ്ങു വർഗ്ഗങ്ങളുടേയും വില അടിസ്ഥാന വിലയേക്കാൾ കുറഞ്ഞു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സന്ദർഭങ്ങളിൽ ഹോർട്ടികോർപ്പ് വഴി നേന്ത്രക്കുലകളും കിഴങ്ങു വർഗ്ഗങ്ങളും സംഭരിക്കാറുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തെ (സംഘമൈത്രി) 'നോട്ടിഫൈഡ് മാർക്കറ്റ്' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും നിർദ്ദേശങ്ങളോ ശിപാർശകളോ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതിയും മന്ത്രിസഭാതലത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനുള്ള സമയപരിധിയും അറിയിക്കാമോ; | (ബി) | ഉണ്ട്. പരിശോധിച്ചുവരുന്നു. |
| (സി) | പ്രസ്തുത സ്ഥാപനത്തിന്റെ നവീകരണത്തിനായി 18 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അഡീഷണൽ ഡയറക്ടർ ഓഫീസിൽ തയ്യാറാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ എപ്പോൾ പൂർത്തിയാക്കുമെന്നും നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നും സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (സി) | ഡി.പി.സി. കുറപ്പന്തറയുടെ നവീകരണത്തിനായി 18 ലക്ഷം രൂപയുടെ പ്രൊജക്റ്റ് എസ്റ്റിമേറ്റ്, കോട്ടയം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശുപാർശ ചെയ്ത പ്രൊജക്ട് പ്രൊപ്പോസൽ കൃഷി വകുപ്പ് ഡയറക്ടറേറ്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ജില്ലാ ലേല കേന്ദ്രത്തിന്റെ നവീകരണത്തിനായുള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും, തുടർ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി അസംസ്കൃത വസ്തുക്കൾ എത്തിച്ചിട്ടുണ്ടെന്നും കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിൽ ഉൽപ്പന്നങ്ങൾ ലേലം ചെയ്യുന്ന കർഷകർക്ക് നൽകേണ്ട ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, ലേലകേന്ദ്രത്തിന്റെ പ്രവർത്തനത്തിനാവശ്യമായ 10 ലക്ഷം രൂപയുടെ | (ഡി) | ജില്ലാ ലേലകേന്ദ്രത്തിലെ കർഷകർക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഡിസംബർ 2025 വരെ (4.39779 ലക്ഷം രൂപ) നൽകിയിട്ടുള്ളതും |

| | | | |
|---|---|---|---|
| | റിവോൾവിംഗ് ഫണ്ട്, 2 ലക്ഷം രൂപയുടെ കൈകാര്യ ചെലവ് എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | | കർഷകർക്ക് തുക വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരുകയുമാണ്.<br><br>ലേലകേന്ദ്രത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ റിവോൾവിംഗ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. കൈകാര്യ ചിലവിനുള്ള തുക ഫണ്ടിന്റ ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ